# എ.എൽ.പി.എസ്. നൊച്ചിപ്പുള്ളി

# അക്കാദമിക മാസ്റ്റർ പ്ലാൻ- 2025-2026

ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിതാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തമാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. അതിനായി വിദ്യാലയവും അധ്യാപകരും സമൂഹവും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം.

ഒന്ന് മുതൽ നാല് വരെ ക്ലാസുകളിലെ നൂതനാശയങ്ങളായ കാവ്യോത്സവം, പാട്ടരങ്ങ്, ശ്രാവ്യവായന, റീഡേഴ്സ് തിയേറ്റർ, സാങ്കല്പികഡയറി തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ നടപ്പിലാക്കുന്നതിലൂടെ കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുന്നു.

1925 ഫെബ്രുവരി 13-ന് പുതുശ്ശരിയാരം പഞ്ചായത്തിലെ ഒന്നാം വാർഡായ നൊച്ചിപ്പുള്ളി ഗ്രാമത്തിൽ ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചു. 1926 ഫെബ്രുവരി-20-ന് ഗവൺമെന്റിന്റെ അംഗീകാരം, ലഭിച്ചു. പണ്ട് ഓലമേഞ്ഞ് ശോച്യാവസ്ഥയിൽ വളരെ കുറച്ചു കുട്ടികളോടു കൂടി പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനത്തിൽ പിന്നീട് ഓട് മേഞ്ഞ് സുരക്ഷിതമായ കെട്ടിടങ്ങൾ, പാചകപ്പുര തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാക്കി. നൊച്ചിപ്പുള്ളി, ഒടുവങ്ങാട്, കയ്യറ, വാളേങ്ങാട് മീനങ്ങാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നായി നാന്നൂറോളം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. 1997 മുതൽ കുട്ടികൾ കുറഞ്ഞു വരികയും ഡിവിഷൻ ഫാൾ വന്ന് എട്ട് ഡിവിഷൻ നാലു ഡിവിഷനായി തീരുകയും ചെയ്തു. ഇന്ന് നൊച്ചിപ്പുള്ളി, കയ്യറ, മീനങ്ങാട്, എന്നീ സ്ഥലങ്ങളിലുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നത്

2013-14 വർഷത്തിൽ പ്രീ-പ്രൈമറി പഠനം ആരംഭിച്ചു സ്കൂളിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ പിന്തുണ ഉറപ്പു വരുത്തുന്നു. ഗൃഹസന്ദർശനം ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണം ലഭിച്ചു വരുന്നു. ഈ വർഷം ശതാബ്ദി ആഘോഷിക്കാൻ തയ്യാറാവുകയാണ് വിദ്യാലയം.

# ലക്ഷ്യങ്ങൾ

- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും ആസ്വാദ്യകരമാക്കുക
- വിദ്യാർത്ഥികളും, അധ്യാപകരും, സമൂഹവും തമ്മിലുള്ള ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- സമഗ്ര ഗുണമേന്മയിലൂന്നിയ വിദ്യാഭ്യാസം

| ന്നൽ കൊടുക്കുന്ന ദിനാചരണങ്ങൾ | ലക്ഷ്യം | ഉപഭോക്താക്കൾ |
|---|---|---|
| പരിസ്ഥിതിദിനം | കുട്ടികൾക്ക് പരിസ്ഥിതിയെക്കുറിച്ച് അറിയാൻ | കുട്ടികൾ |
| ലഹരിവിരുദ്ധദിനം | ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അറിയാൻ | ,, |
| വായനാദിനം | കുട്ടികളിൽ വായനശീലം വളർത്താൻ | ,, |
| ബഷീർദിനം | കഥാകാരനെ പരിചയപ്പെടൽ, കൃതികൾ. | ,, |
| ചാന്ദ്രദിനം | ചന്ദ്രനെക്കുറിച്ച് അറിയുന്നതിന് | ,, |
| ക്വിറ്റ് ഇന്ത്യ ദിനം | സ്വതന്ത്ര ഇന്ത്യയെക്കുറിച്ചറിയാൻ | ,, |
| സ്വാതന്ത്ര്യദിനം | ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ചറിയാൻ | ,, |
| അധ്യാപകദിനം | അധ്യാപകരെ ആദരിക്കൽ | ,, |
| ഓണാഘോഷം | കൂട്ടായ്മ, ആഘോഷത്തെ അറിയാൻ | ,, |
| ഗാന്ധി ജയന്തി | ഗാന്ധിജിയെക്കുറിച്ചറിയാൻ. | ,, |
| കേരളപ്പിറവിദിനം | കേരളത്തെക്കുറിച്ചറിയുന്നതിന്. | ,, |
| ശിശുദിനം | ചാച്ചാജിയെക്കുറിച്ചറിയാൻ. സ്നേഹം. | ,, |
| ക്രിസ്തുമസ് ആഘോഷം | കൂട്ടായ്മ. ആഘോഷത്തെ അറിയാൻ. | ,, |
| റിപ്പബ്ലിക് ദിനം | സ്വതന്ത്ര ഇന്ത്യയെക്കുറിച്ച് അറിയാൻ | ,, |

| | പ്രവർത്തനപട്ടം | ചുമതല | സാമ്പത്തികം | കാലയളവ് | |
|---|---|---|---|---|---|
| 1 | SRG യോഗങ്ങൾ | അധ്യാപകർ | പി.ടി.എ | ജൂൺ to മാർച്ച് | |
| 2 | ബാലസഭകൾ | അധ്യാപകർ.രക്ഷിതാക്കൾ | പഞ്ചായത്ത് | ജൂൺ to മാർച്ച് | |
| 3 | ക്ലാസ്. പി.ടി.എ | അധ്യാപകർ.രക്ഷിതാക്കൾ | S.S.K. | ജൂൺ to മാർച്ച് | |
| 4 | ജനറൽ ബോഡി | അധ്യാപകർ | | ജൂൺ | |
| 5 | പാട്ടരങ്ങ് | അധ്യാപകർ | | ജൂൺ to മാർച്ച് | |
| 6 | ഭാഷോത്സവം | അധ്യാപകർ | | ജൂൺ to മാർച്ച് | |
| 7 | റീഡേഴ്സ് തിയേറ്റർ | അധ്യാപകർ | | ജൂൺ to മാർച്ച് | |
| 8 | പഠനയാത്രകൾ | അധ്യാപകർ | | ജൂൺ to മാർച്ച് | |
| 9 | ശ്രാവ്യവായന | അധ്യാപകർ | | ജൂൺ to മാർച്ച് | |
| 10 | അതിഥി ക്ലാസ് | അധ്യാപകർ | | | |
| 11 | ശാസ്ത്രം/ഗണിതമേള ഇതര പ്രവർത്തനങ്ങൾ | അധ്യാപകർ | | | |

മേഖല - ദിനാചരണങ്ങൾ.

ഉപമേഖല - സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള ഊന്നൽ നൽകുന്ന വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG. യിൽ രൂപപ്പെടുത്തുന്നു. സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്അധ്യാപകർ PTA. | 2000/- |

പേര് - ഒറിഗാമി പരിശീലനം

ഉപമേഖല - ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിതശാസ്ത്ര പഠനം<br><br>കരചലന ശേഷികളുടെ വികാസം | വിവിധ ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് ഒറിഗാമി പരിശീലനം നൽകുന്നു.<br>താല്പര്യമുള്ള രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ നേതൃത്വത്തിൽ ക്ലാസ് സംഘടിപ്പിക്കുന്നു.<br>പ്രദർശനം സംഘടിപ്പിക്കുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | അധ്യാപകർ<br>PTA | 1000/- |

പർ - ഭാഷോത്സവം

ഉപമേഖല - മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാനുള്ള അവസരമൊരുക്കൽ<br><br>വായനാസാമഗ്രികളുടെ നിർമ്മാണം | ശ്രാവ്യ വായനക്കുള്ള ധാരാളം അവസരം ഒരുക്കുന്നു (ബാലസഭ)<br>സർഗ്ഗാത്മക രചനകൾക്കുള്ള അവസരം ഒരുക്കൽ.<br>വരികൾ കൂട്ടിച്ചേർക്കൽ<br>കഥ പൂരിപ്പിക്കൽ.<br>അടിക്കുറിപ്പ്.<br>പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാർ, കവി. എന്നിവരുടെ അതിഥി ക്ലാസുകൾ. | ജൂൺ to മാർച്ച്.<br><br>വർഷത്തിൽ രണ്ടു പ്രാവശ്യം. | HM & staff<br>PTA - | 2000/<br>(sponser) |

...ത് - ശാസ്ത്രവിസ്മയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| കുട്ടി ശാസ്ത്രജ്ഞൻമാരെ വളർത്തിയെടുക്കുക.<br><br>ശാസ്ത്രാഭിരുചി വളർത്തുക.<br><br>പരീക്ഷണനിരീക്ഷണങ്ങളിൽ ഏർപ്പെടുക. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ കണ്ടെത്തുന്നു/ സാമഗ്രികൾ തയ്യാറാക്കുന്നു.<br><br>പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>I & II ക്ലാസുകാർ നിരീക്ഷിച്ച് പരീക്ഷണം പറയാനവസരം നൽകുന്നു<br><br>ബാലസഭ/അസംബ്ലി/ CPTA യിൽ കുട്ടികളുടെ അവതരണം. | ജൂൺ മുതൽ മാർച്ച് | അധ്യാപകർ<br><br>PTA | |

# A WORD A DAY

ലക്ഷ്യം - ഇംഗ്ലീഷ് ഭാഷയിലുള്ള കുട്ടികളുടെ പ്രാവീണ്യം വർധിപ്പിക്കുക.

ഗുണഭോക്താക്കൾ - ഒന്നു മുതൽ നാലാം ക്ലാസിലെ കുട്ടികൾ

പ്രവർത്തനങ്ങൾ

(x) എസ്. ആർ. ജി. യോഗം ചേരൽ ചുമതലാ വിഭജനം.

(x) പി.ടി.എ. യോഗം ചേരൽ - പദ്ധതി പരിചയപ്പെടുത്തൽ അംഗീകാരം നേടൽ.

(x) ദിവസേന ഒരു വാക്ക് (ഇംഗ്ലീഷ്) അസംബ്ലിയിൽ ചിത്രസഹിതം അവതരിപ്പിക്കുന്നു. അർത്ഥം വിശദീകരിക്കുന്നു. Spelling, അവതരണം. ആ വാക്ക് ഉപയോഗിച്ച് ഒരു വാചകവും അവതരിപ്പിക്കുന്നു. ഓരോ ദിവസവും അവതരിപ്പിച്ച വാക്കും അർത്ഥവും വാക്യവും ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. തുടർന്ന് ഓരോ ദിവസവും ഓരോ ക്ലാസിലെ കുട്ടികൾ അവതരിപ്പിക്കേണ്ട ചുമതല ക്ലാസ് അധ്യാപകർക്ക്. കുട്ടികൾ നോട്ടിലും എഴുതുന്നു.

(x) പതിപ്പ് തയ്യാറാക്കൽ (പുതിയ വാക്യങ്ങൾ ഉൾപ്പെടുത്തി)

ഇംഗ്ലീഷ് Fest-യിൽ പഠിച്ച്- അവതരണം

(x) കാലയളവ് - 1 വർഷം

(x) ഉദ്ദേശിക്കുന്ന ചെലവ് - 1000/- രൂപ

# ചിത്രവും രചനയും (ഭാഷോത്സവം)

ലക്ഷ്യം - ഭാഷയിലുള്ള കുട്ടികളുടെ പ്രാവീണ്യം വർധിപ്പിക്കുക.

ഗുണഭോക്താക്കൾ - ഒന്നു മുതൽ നാലാം ക്ലാസിലെ കുട്ടികൾ

പ്രവർത്തനങ്ങൾ

- എസ്. ആർ. ജി. യോഗം ചേരൽ, ചുമതല വിഭജനം
- പി. ടി. എ. യോഗം ചേരൽ പദ്ധതി പരിചയപ്പെടുത്തൽ അംഗീകാരം നേടൽ.
- ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. ചിത്രവായന നടത്തി പദങ്ങൾ കണ്ടെത്തി എഴുതുന്നു. (പ്രദസൂര്യൻ .....)
- വാക്യങ്ങൾ നിർമ്മിക്കുന്നു. തുടർന്ന് ചെറുവിവരണങ്ങൾ തയ്യാറാക്കുന്നു.
- ചിത്രങ്ങൾ സ്വയം വരയ്ക്കാനും വിവരണം തയ്യാറാക്കുന്നതിനുള്ള അവസരം
- ചിത്രങ്ങളിലൂടെ വിവിധ വ്യവഹാരരൂപങ്ങൾ (സംഭാഷണം, കഥ, കവിത.....) രചിക്കാനുള്ള അവസരം.
- അസംബ്ലിയിലും, സി. പി. ടി. എ. യോഗങ്ങളിലും കുട്ടികളുടെ അവതരണം.

- കുട്ടികൾ തയ്യാറാക്കിയ രചനകളുടെ പതിപ്പാക്കൽ
- ചിത്രങ്ങൾ തയ്യാറാക്കുന്നതിൽ രക്ഷിതാക്കൾക്ക്<br>ശില്പശാല - ICT യുടെ സാധ്യത.
- പഠനോത്സവത്തിൽ കുട്ടികളുടെ അവതരണം
- കാലയളവ് - 1 വർഷം
- ഉദ്ദേശിക്കുന്ന ചെലവ് - 3000/- രൂപ.

# റീഡേഴ്സ് തിയേറ്റർ

ലക്ഷ്യം - വളരെ ഒഴുക്കോടുള്ള വായനാശേഷി വികസിപ്പിക്കുന്നതിന്

- ശബ്ദവ്യതിയാനത്തോടു കൂടി ആശയം ഉൾക്കൊണ്ട് വായിച്ചവതരിപ്പി ക്കാനുള്ള ശേഷി വളർത്തുന്നതിന്.

പ്രവർത്തനഘട്ടങ്ങൾ

× SRG യിൽ ചർച്ച ചെയ്യുന്നു

× CPTA കൂടുമ്പോൾ രക്ഷിതാക്കളുമായി പുതിയ നാടകശൈലിയെ പരിചയപ്പെടുത്തുന്നു.

× പാഠഭാഗങ്ങൾ അവതരിപ്പിച്ച ശേഷം അവയുടെ ദൃശ്യാവിഷ്കാരം ചെയ്യാൻ ആവശ്യപ്പെടുന്നു.

× റീഡേഴ്സ് തിയേറ്റർ സ്ക്രിപ്റ്റുകൾ (മാതൃകകൾ) പ്രദർശിപ്പിക്കുന്നു (വീഡിയോ പ്രദർശനം)

× ഓരോ പാഠഭാഗം കഴിയുമ്പോഴും അവയുടെ റീഡേഴ്സ് തിയേറ്റർ സ്ക്രിപ്റ്റുകൾ ഗ്രൂപ്പുകളിൽ തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു

* അസംബ്ലി, ബാലസഭ CPTA എന്നിവയിൽ കുട്ടികളുടെ പ്രകടനം കാഴ്ച വെക്കുന്നു.

* മികച്ച അവതരണം കാഴ്ചവെക്കുന്നവരെ അനുമോദിക്കുന്നു.

സാമ്പത്തികം - Nil

കാലയളവ് - ജൂൺ മുതൽ മാർച്ച് വരെ

ചുമതല - ക്ലാസ് അധ്യാപിക.